പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3497 | 19.10.2016-ൽ മറുപടിക്ക്.

**ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ. എ.നെല്ലിക്കുന്ന് | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) കാസർകോട് ജില്ലയിലെ പെരിയ കേന്ദ്ര സർവ്വകലാശാലയിൽ നിർമ്മാണ ജോലിയിൽ ഏർപ്പെട്ടിരുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് മലമ്പനി ബാധിച്ച എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) ഉണ്ട്. ആരോഗ്യവകുപ്പ് അധികൃതർ ടി മേഖലയിൽ പരിശോധന നടത്തി മലമ്പനി ബാധിച്ചവർക്ക് ചികിത്സാ സൗകര്യം ലഭ്യമാ ക്കിയിട്ടുണ്ട്. |
| (ബി) എത്ര തൊഴിലാളികൾക്കാണ് മലമ്പനി ബാധിച്ചത്; ഏത് തൊഴിലിനാണ് ഇവർ നിയോഗിക്കപ്പെട്ടത്; ആരാണ് ഇവരെ അപ്രകാരം നിയോഗിച്ചത് ; | (ബി) 42 പേർക്ക് മലമ്പനി ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ട്. നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട് എല്ലാത്തരം തൊഴിലുകളിലും ടി തൊഴിലാളികൾ ഏർപ്പെട്ടിരുന്നു. മേരിമാത,രാജ്ദീപ് എന്നീ കമ്പനികൾക്കു വേണ്ടി കോൺട്രാക്ടർ മുഖേനയാണ് ഇവരെ ജോലിക്ക് നിയോഗിച്ചത്. |
| (സി) അംഗീകൃത ഏജൻസികൾ മുഖേനയാണോ ഇവർ വന്നതും കേന്ദ്ര സർവ്വകലാശാലയിൽ നിർമ്മാണ പ്രവൃത്തിയിൽ ഏർപ്പെട്ടതും എന്നത് വ്യക്തമാക്കാമോ; | (സി) ബന്ധപ്പെട്ട കോൺട്രാക്ടർമാർ എറണാകുളത്തെ സെൻട്രൽ ലേബർ കമ്മീഷണർ ഓഫീസിൽ നിന്നും ലൈസൻസ് എടുത്തിട്ടുണ്ട്. |
| (ഡി) പ്രസ്തുത തൊഴിലാളികൾ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ കീഴിൽ വരുന്നവരാണോ; | (ഡി) അല്ല |

| | |
|---|---|
| (ഇ) പ്രധാന നഗരങ്ങളുടെ കവലകളിൽ എല്ലാ ദിവസവും രാവിലെ ഒത്തുകൂടുന്ന ഇതരസംസ്ഥാന തൊഴിലാളികളെ പലരും വിവിധ ജോലികൾക്കായി കൂട്ടിക്കൊണ്ട് പോകുന്നത് നിയമാനുസൃതമാണോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ഇതിനെതിരെ എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | അഞ്ചും അതിൽ കൂടുതലും ഇതര-സംസ്ഥാന തൊഴിലാളികളെ കരാറുകാരൻ മുഖേന ജോലിയെടുപ്പിക്കുകയാണെങ്കിൽ 1979-ലെ ഇതര സംസ്ഥാന തൊഴിലാളി നിയമ പ്രകാരം തൊഴിലുടമ രജിസ്ട്രേഷനും കരാറുകാരൻ ലൈസൻസും നിർബന്ധമായും എടുക്കേതാണ്. സംസ്ഥാനത്ത് നേരിട്ട് തൊഴിൽ തേടി വരുന്ന തൊഴിലാളികൾക്ക് ഈ വ്യവസ്ഥ ബാധകമല്ല. സംസ്ഥാനത്ത് തൊഴിലിനായി എത്തിച്ചേരുന്നത് ബഹുഭൂരിപക്ഷവും ഇത്തരത്തിൽ നേരിട്ട് വരുന്നവരാണ്. ആയതിനാൽ ഇവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് പരിമിതികളുണ്ട്. |

സെക്ഷൻ ഓഫീസർ